# കോവിഡ് 19 ഉം വിദ്യാഭ്യാസത്തിൽ വൈകല്യമുള്ള കുട്ടികളോടുള്ള വിവേചനവും നാല് സംസ്ഥാനങ്ങളിൽ നിന്ന്

VIDHI Centre for Legal Policy

kotak karma

## സംഗ്രഹം

### ആമുഖം

കോവിഡ് 19 എന്ന മഹാമാരി നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തെ വളരെ മോശമായ രീതിയിലാണ് ബാധിച്ചത്. ഇവരിൽതന്നെ വൈകല്യമുള്ള കുട്ടികളിലാണ് ഇത് ഏറെ ബാധിച്ചത്. എല്ലാ കുട്ടികൾക്കും നിർബന്ധിത വിദ്യാഭ്യാസം ഉറപ്പുനൽകുന്ന ഒരു നിയമവ്യവസ്ഥ ഉണ്ടായിരുന്നിട്ടു പോലും 5 മുതൽ 19 വരെ പ്രായമുള്ള CWD കളിൽ നാലിലൊന്ന് പേരും 5 വയസ്സുള്ള കുട്ടികളിൽ നാലിൽ മൂന്ന് പേരും ഇന്നും ഔപചാരിക വിദ്യാഭ്യാസംലഭിക്കുന്നില്ല (UNESCO 2019). കൂടാതെ ഇന്ത്യയിലെ CWD കളിൽ പലരുംമറ്റുകുട്ടികളെക്കാൾസാമ്പത്തികമായിപിന്നോ ക്കാവസ്ഥയിലാണ്(kalyanpur 2008 ). ഇന്ത്യയിൽ ഏകദേശം 72% വികലാംഗരും ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്നവരാണ്. പല CWD കളിലെയും വിദ്യാഭ്യാസത്തിന്റെ അപ്രാപ്യതയിൽ ദാരിദ്രത്തിനും പങ്കുണ്ട്.

ഈ പഠനത്തിലൂടെ, കോവിഡ് കാലത്ത് വിദ്യാഭ്യാസം ലഭ്യമാകുന്നതിൽ വൈകല്യമുള്ള വിദ്യാർഥികൾ നേരിടുന്ന വെല്ലുവിളികളെ പരിമിതമായ് രേഖപ്പെടുത്തുകയാണ്. കൂടാതെ, CWD കളും അവരുടെ കുടുംബങ്ങളും അധ്യാപകരും നേരിടുന്ന സാമ്പത്തികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ, ഭക്ഷണത്തിന്റെ പ്രാപ്യത, വൈദ്യസഹായം, പുനരധിവാസം എന്നിവയും വിദ്യാഭ്യാസത്തിന്റെ പ്രാപ്യതയിൽ ഇതിന്റെപ്രത്യാഘാതതങ്ങളും ഞങ്ങൾ രേഖപ്പെടുത്തുന്നു. കൂടാതെ, സിവിൽ സൊസൈറ്റി ഓർഗനൈസേഷനുകളുമായും(CSOs) വൈകല്യമുള്ളവരുടെ പ്രദേശത്തെ സർക്കാർ ഉദ്യോഗസ്ഥരുമായും കൂടിയാലോചിച്ചു വിദ്യാഭ്യാസ മന്ത്രാലയങ്ങൾക്കും (കേന്ദ്ര-സംസ്ഥാന) സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയങ്ങൾക്കും (കേന്ദ്ര-സംസ്ഥാന) സജീവമായ ശുപാർശകളും നൽകുന്നു. കോവിഡ് 19 പകർച്ചവ്യാധിയോടുള്ള പ്രതികരണങ്ങളും , സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും ദീർഘകാല വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതുമായുള്ള കാര്യങ്ങളും ഇതിൽ പെടുന്നു.

ആന്ധ്രാപ്രദേശ് , കർണ്ണാടക, കേരളം, തമിഴ്നാട് എന്നീ 4 സംസ്ഥാനങ്ങളിൽ നിന്നായി 164 വിദ്യാർഥികൾ , രക്ഷിതാക്കൾ, പരിപാലകർ, 50 അധ്യാപകർ, 10 സിവിൽ സൊസൈറ്റി ഓർഗനൈസേഷനുകൾ , 5 സർക്കാർ ഉദ്യോഗസ്ഥർ എന്നിവരുടെ സാമ്പിളുകൾ ഉപയോഗിച്ച് ആഴത്തിലുള്ളതും അർഥഘടനാപരവുമായ അഭിമുഖങ്ങൾ ( in-depth and semi structured interviews)ഫോൺ വഴി നടത്തി. 2020 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായാണ് അഭിമുഖങ്ങൾ നടത്തപ്പെട്ടത്.

### പ്രധാന കണ്ടെത്തലുകൾ

<u>വിദ്യാർത്ഥികളും പരിപാലകരും</u>

ജോലിനഷ്ടം , വരുമാനനഷ്ടം, ഭവന നിർമ്മാണത്തിലെ നഷ്ടം, വർധിച്ചു വരുന്ന കടബാധ്യത, അപര്യാപ്തമായ പോഷകങ്ങൾ, വൈദ്യസഹായം ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്നിവ രക്ഷിതാക്കൾ നേരിടുന്നു.

- അടിസ്ഥാന സേവനങ്ങൾ നേടുന്നതിനായി സർക്കാർ സഹായ പദ്ധതികളെ ആശ്രയിക്കുന്നതായി പരിപാലകർ റിപ്പോർട്ട് ചെയ്യുന്നു. കൂടാതെ, സ്കീമുകൾക്ക് കീഴിലുള്ള അവകാശങ്ങൾ വിതരണം ചെയ്യുന്നതിലെ തടസ്സങ്ങളും വീട്ടിലെ കുട്ടികൾക്കിടയിൽ വിഭവങ്ങൾ വിതരണം ചെയ്യുന്നതിൽ ഉണ്ടായ ഗുരുതരമായ സാഹചര്യങ്ങളും റിപ്പോർട്ട് ചെയ്യുന്നു.
- ഉയർന്നുവരുന്ന ഗാർഹിക ഉത്തരവാദിത്തങ്ങളും സമ്മർദ്ദവും ഇത് മാനസികാരോഗ്യത്തെ ബാധിക്കുന്ന രീതിയും പരിപാലകർ റിപ്പോർട്ട് ചെയ്യുന്നു.
- കുട്ടികളുടെ ആരോഗ്യം, ക്ഷേമം, പുനരധിവാസം ദിനചര്യ എന്നിവ നിർണയിക്കുന്നതിൽ തടസ്സങ്ങൾ നേരിട്ടു. അപസ്മാരം പോലുള്ള രോഗങ്ങൾക്കുള്ള ചികിത്സ നിർത്തിവയ്ക്കാനും പതിവ് മെഡിക്കൽ പരിശോധനകളും തെറാപ്പികളും നിർത്തിവയ്ക്കാനും ചില കുട്ടികൾ നിർബന്ധിതരായ്.
- ഇങ്ങനെ ദിനചര്യകൾ തടസ്സപ്പെടുന്നത് പ്രധാനമായും ബുദ്ധിപരമായ വൈകല്യമുള്ള കുട്ടികളുടെ മാനസികാരോഗ്യത്തെ ബാധിച്ചു.

പകർച്ചവ്യാധി സമയത്ത് ഉപയോഗിച്ച വിദ്യാഭ്യാസ നിർദ്ദേശങ്ങൾ പല കാരണങ്ങളാൽ വേണ്ട വിധം ലഭ്യമായില്ല

- ഉചിതമായ അധ്യാപക പഠന സാമഗ്രികളുടെ (TLM) ദൗർലഭ്യം.
- താങ്ങാവുന്നതിൽ അപ്പുറമുള്ള ഡിജിറ്റൽ ഉപകരണങ്ങളുടെയും അതിവേഗ ഇന്റർനെറ്റിന്റെയും ചിലവ്, മാതാപിതാക്കൾക്കുംകുട്ടികൾക്കുമിടയിലെ നൂതന സാങ്കേതികവിദ്യകളെ കുറിച്ചുള്ളഅറിവില്ലായ്മ.
- പതിവായി ക്ലാസ്സുകളിൽ പങ്കെടുക്കുന്നവർക്കുപോലും പാഠങ്ങൾ മനസ്സിലാക്കാനും അസൈന്മെന്റുകൾ പൂർത്തീകരിക്കുന്നതിനും സാധിക്കുന്നില്ല.
- കാഴ്ച, ശ്രവണ വൈകല്യമുള്ള വിദ്യാർഥികൾ പഠന സാമഗ്രികൾ നേടുന്നതിലേ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.
- ബുദ്ധി വൈകല്യമുള്ള കുട്ടികൾക്ക് വ്യക്തിഗതമായ ശ്രദ്ധയും സാമൂഹിക ഇടപെടലും ദിനചര്യകളും അത്യാവശ്യമെന്ന റിപ്പോർട്ട് ചെയ്തു. വൈകല്യത്തിന്റെ തരവും കുടുംബത്തിന്റെസാമൂഹിക-സാമ്പത്തിക പശ്ചാത്തലവുമനുസരിച്ചു അനുഭവങ്ങൾ വ്യത്യസ്തമായിരുന്നു..

# സംഗ്രഹം

<u>അധ്യാപകർ</u>
ഉയർന്നുവരുന്ന അധ്യാപനേതര പ്രവർത്തനങ്ങൾ, ജോലിയിലെ അരക്ഷിതാവസ്ഥ, CWD കളെ പഠിപ്പിക്കുന്നതിൽ ഡിജിറ്റൽ രീതികൾ ഉപയോഗിക്കുന്നതിലേ പ്രശ്നങ്ങൾ എന്നിവ അധ്യാപകർ റിപ്പോർട്ട് ചെയ്യുന്നു.

- സർക്കാർ അധ്യാപകരും CSO സ്കൂളുകളിലെ അധ്യാപകരും അധ്യാപനേതര പ്രവർത്തനങ്ങൾ-പ്രധാനമായും കോവിഡ് 19 ദുരിതാശ്വാസദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പടേണ്ടി വന്ന സാഹചര്യംവർധിക്കുന്നതായി റിപ്പോർട്ട് ചെയ്തു.
- സ്വകാര്യ സ്കൂളുകളിലെ അധ്യാപകർ ഇത്തരത്തിൽ അധ്യാപനേതര പ്രവർത്തനങ്ങളിൽ ഇത്തരത്തിൽ അധ്യാപനേതര പ്രവർത്തനങ്ങളിൽകൂടുതൽ പങ്കെടുത്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല
- ശമ്പളത്തിലേ കാലതാമസം, കരാറുകൾ പുതുക്കുന്നതിലെഅനിശ്ചിതത്വം കരാറുകൾ നിർത്തിവയ്ക്കൽ തുടങ്ങിയ സാമ്പത്തികബുദ്ധിമുട്ടുകൾ അധ്യാപകർ നേരിട്ടു.
- ഉപകരണങ്ങളുടെയും ഇന്റർനെറ്റിന്റെയും ദൌർലഭ്യത, സാങ്കേതികപരിജ്ഞാനം, പുതിയ രീതികൾ പങ്കുവയ്ക്കുന്നതിനു വേണ്ടപരിശ്രമവും സമയവുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ.
- അധ്യാപകർ രക്ഷാകർതക്കളുടെ ഇടപെടലിനെ ആശ്രയിച്ചിരിക്കുന്നു.കൂടാതെ, ഡിജിറ്റൽ രീതിയിലുള്ള നിർദ്ദേശങ്ങൾ ലഭ്യമാകുന്നതിൽ CWDകളും അവരുടെ പരിപാലകരും നേരിടുന്ന പ്രശ്നങ്ങളുംപ്രതിപാദിച്ചു.
- ഡിജിറ്റൽ രീതികൾ പരസ്പര ആശയ വിനിമയത്തെപരിമിതപ്പെടുത്തുന്നു. വൈറസ് ബാധയോടുള്ള ഭയം മൂലംഅദ്ധ്യാപകർക്ക് നേരിട്ട് വീടുകളിലും കമ്യൂണിറ്റികളിലുംഎത്തിപ്പെടാന്പറ്റാതെ വന്നു.
- CWD കളുടെ വിദ്യാഭ്യാസത്തിനായുള്ള മാർഗനിർദ്ദേശങ്ങളോ പരിശീലനമോ അധ്യാപകർക്ക് ലഭിച്ചിട്ടില്ല(കേരളം ഒഴികെ).

പകർച്ചവ്യാധി ആരംഭിച്ചതുമുതൽ CWD കളുടെ വിദ്യാഭ്യാസത്തിനുവേണ്ട ഫണ്ടുകളും ശ്രമങ്ങളും കുറയുന്നതായി CSO റിപ്പോർട്ട് ചെയ്തു. അതുപോലെ ഭക്ഷണവും ആരോഗ്യ പരിരക്ഷയും നൽകുന്നതിനേക്കാൾ വിദ്യാഭ്യാസത്തിന് മുൻഗണന നൽകാൻ കഴിയില്ലെന്ന് സർക്കാർ ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടു. വിദ്യാർഥികൾക്കും അധ്യാപകർക്കും ഡിജിറ്റൽ വിദ്യാഭ്യാസ രീതിയുടെ ലഭ്യതയെയും ക്ഷമതയെയും കുറിച്ചും ദുർബ്ബലമായ കുടുംബങ്ങളെ പിന്തുണയ്ക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സംസ്ഥാനത്തുടനീളമുള്ള ബന്ധപെട്ടവർ ആശങ്ക പ്രകടിപ്പിച്ചു.

## നിർദ്ദേശങ്ങൾ

വിദ്യാർഥികൾ, രക്ഷാകർത്താക്കൾ, അധ്യാപകർ, CSOകൾ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവരുമായി കൂടിയാലോചിച്ചു, പഠനത്തിന്റെ കണ്ടെത്തലുകളെ അടിസ്ഥാനപ്പെടുത്തി വിദ്യാഭ്യാസം, സാമൂഹിക സുരക്ഷ, സർക്കാർ വകുപ്പുകളിലെ ഏകോപനം, CSO കളും സർക്കാരും തമ്മിലുള്ള ഏകോപനം എന്നിവ സംബന്ധിച്ച ശുപാർശകൾ ഞങ്ങൾ നൽകുന്നു.

നാല് സംസ്ഥാനങ്ങളിൽനിന്നുമാത്രമായിസാമ്പിള്പരിമിതപ്പെടുത്തിയെങ്കിലും, ഈ ശുപാർശകൾ മറ്റ് സംസ്ഥാനങ്ങളിലെവൈകല്യമുള്ള കുട്ടികളുടെ വിദ്യാഭ്യാസപരമായ പ്രശ്നങ്ങൾപരിഹരിക്കാൻ നിർദ്ദേശങ്ങൾ നല്കിയേക്കാം. ഈ ശുപാർശകൾ കോവിഡ്19 പകർച്ചവ്യാധിയോടുള്ള പ്രതികരണങ്ങൾ കൂടാതെ സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ദീര്ഘകാലത്തേക്ക് വിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തുന്നതിനും സഹായിക്കും.. വിദ്യാഭ്യാസ മന്ത്രാലയം(കേന്ദ്ര-സംസ്ഥാന), വികലാംഗ കമ്മീഷൻ, ആരോഗ്യ സാമൂഹിക ക്ഷേമ വകുപ്പുകൾ എന്നിവ ഉൾപ്പെട്ട സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയം(MSJE)-കേന്ദ്ര-സംസ്ഥാന- എന്നിവയുടെ ശുപാർശയും പ്രധാനമായും പരിഗണിക്കുന്നു.

# സംഗ്രഹം

## 1.വിദ്യാഭ്യാസ വിതരണവും CWDകളുടെ ഉൾക്കൊള്ളലും

**1.1 CWD ആവശ്യങ്ങൾ തിരിച്ചറിയുകയും മുഖാമുഖങ്ങൾ സങ്കടിപ്പിക്കുകയും ഗുണനിലവാരത്തിൽ വിട്ടുവീഴ്ചയില്ലാതെ തുടരാൻ കഴിയുന്നതും സംബന്ധിച്ച്.**

| നിയമനിർമ്മാണം | ശുപാർശകൾ |
|---|---|
| • RPWD ആക്റ്റ് 2016 ലെ 16(iii) വകുപ്പ് പ്രകാരം( CWD കൾക്ക് ന്യായമായ താമസ സൗകര്യം നൽകേണ്ടത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കടമയാണ്)<br>• RPWD ആക്റ്റ് 2016ലെ 17(a)വകുപ്പ് പ്രകാരം (CWDകൾ അവരുടെ ആവശ്യങ്ങൾ, അവ എത്രത്തോളം നിറവേറ്റുന്നു എന്നിവ തിരിച്ചറിയുന്നതിനായി നിരന്തരമായ സർവേകൾ നടത്തുന്നു. | • കുട്ടികളുടെ പ്രവേശന ക്ഷമത, ഗുണനിലവാരം, ഇടപെടൽ എന്നിവയ്ക്കായി കോവിഡ് കാലത്ത് ഉപയോഗിച്ച നിർദ്ദേശങ്ങൾ വിലയിരുത്തുന്നതിന് മാതാപിതാക്കളുമായുമായും CWD കളുമായും കൂടിയാലോചിക്കുക.<br><br>ബുദ്ധിവൈകല്യമുള്ള കുട്ടികൾക്ക് പ്രത്യേക സ്കൂളുകളിലേക്കും പുനരധിവാസ കേന്ദ്രങ്ങളിലേക്കും പ്രവേശനം ആവശ്യമായേക്കാം.വിട്ടുമാറാത്ത രോഗവും കുറഞ്ഞ പ്രതിരോധ ശേഷിയുമുള്ള കുട്ടികളും (വൈറസ് ബാധ പിടിപെടാൻ സാധ്യത കൂടുതൽ) 5വയസ്സിൽ താഴെയുള്ള കുട്ടികളെയും സ്കൂളുകളിലേക്ക് മടക്കരുത് |

**1.2 തുടർവിദ്യാഭ്യാസവും പുനരധിവാസവും ഉറപ്പാക്കുന്നതിനായി CWD കളെ സ്കൂളുകളിലേക്ക് തിരികെ കൊണ്ടുവരൽ(ആവശ്യമുണ്ടെങ്കിൽ)**

| നിയമനിർമ്മാണം | ശുപാർശകൾ |
|---|---|
| • RTE ആക്റ്റ് 2009 ലെ 8(f) വകുപ്പ് പ്രകാരം ഓരോ കുട്ടികളുടെയും പ്രവേശനം, പ്രാഥമിക വിദ്യാഭ്യാസം ,ഹാജർനില, പൂർത്തീകരണം എന്നിവ ഉറപ്പാക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള സർക്കാർ ചുമതലകൾ | വിദ്യാഭ്യാസം ഉപേക്ഷിക്കാൻ സാധ്യതയുള്ള കുട്ടികളെ തിരിച്ചറിയൽ, പകർച്ചവ്യാധി മൂലം പഠനം ഉപേക്ഷിച്ച കുട്ടികൾ, വൈകല്യമുള്ള കുട്ടികൾ, ഇളയ സഹോദരങ്ങളുള്ള പെണ്കുട്ടികള് , ദരിദ്രരായ കുട്ടികൾ, കുടിയേറ്റക്കാരുടെ മക്കൾ, ഗോത്രവർഗ്ഗക്കാർ എന്നിവർക്കായി കോവിഡ് പ്രോട്ടോക്കോൾ പിന്തുടർന്ന് സ്കൂളുകൾ തുറക്കുക. |
| • RPWD ആക്റ്റ് 2016 ലെ 16(viii) വകുപ്പ് പ്രകാരം CWD കൾക്കും അവരെ പരിചരിക്കുന്നവർക്കും ഗതാഗത സൗകര്യം ഉപ്പാക്കുന്നത് | വൈകല്യത്തെത്തുടർന്ന് നിയന്ത്രിത ചലനാത്മകത ഉള്ള കുട്ടികളുടെ ഗതാഗത ആവശ്യങ്ങൾക്ക് മുൻഗണന നൽകുക |
| • RPWD ആക്റ്റ് 2016ലെ 16(ii) വകുപ്പ് പ്രകാരം കെട്ടിടങ്ങൾ, ക്യാംപസ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന്<br>• RPWD ആക്റ്റ് 2016 ലെ 17 വകുപ്പ് പ്രകാരം വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനുമുള്ള നടപടികളെക്കുറിച്<br>• RTE ആക്ട് 2009 ലെ 8(d) വകുപ്പ് പ്രകാരം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ<br>• ആക്ടിന്റെ ഷെഡ്യൂളിലെ "ഒരു സ്കൂളിനുള്ള മാനദണ്ഡങ്ങളും" (അടിസ്ഥാന ആവശ്യങ്ങളും ടിഎൽഎമ്മും വ്യത്യസ്ത ആവശ്യങ്ങളുള്ള സിഡബ്ല്യുഡികൾക്ക് ആക്സസ് ചെയ്യാനാകുമെന്ന് ഉറപ്പാക്കുന്നതിന്) | രണ്ട് നിയമങ്ങളും നടപ്പിലാക്കുന്നതിലൂടെ സ്കൂളുകളിലേക്കും അംഗണവടികളിലേക്കുമുള്ള പ്രവേശന തടസ്സം നീക്കുക.<br>• കാഴ്ച, ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് ലഭ്യമാകുന്ന തരത്തിലുള്ള സ്കൂളുകൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക<br>• ഉചിതമായ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുക : ലോക്കോമോട്ടോർ വൈകല്യമുള്ളവർക്ക് റാമ്പുകൾ, ചലനത്തെ ബാധിക്കുന്ന ശാരീരിക വൈകല്യമുള്ളവർക്ക് ഉപകരണങ്ങൾ, പിടിയുള്ള ശൗചാലയങ്ങൾ, വീൽ ചെയറുകൾ എന്നിവ ഉറപ്പുവരുത്തുക. |

**1.3 വിദ്യാഭ്യാസത്തിന്റെ ഡിജിറ്റൽ രീതികൾ ഭിന്നശേഷി -സൌഹൃദമാക്കുന്നതിനും അത് അവർക്ക് ലഭ്യമാക്കുന്നതും**

| നിയമനിർമ്മാണം | ശുപാർശകൾ |
| --- | --- |
| • സ്കൂൾ വിദ്യാഭ്യാസത്തിലേ 2012ലെ ICT യുടെ ദേശീയ നയത്തിലെ 4.6 വകുപ്പ് പ്രകാരം (ഭിന്ന ശേഷിസൌഹൃദ വിവര,ആശയവിനിമയസാങ്കേതികവിദ്യകളുടെ ആവശ്യകത ) | സ്കൂൾ വിദ്യാഭ്യാസത്തിലേ ICT യുടെ 2012 ലെ ദേശീയ നയത്തിൻറെ കാലികമായ പുനരവലോകനവും പ്രയോഗവും ഉറപ്പു വരുത്തുക<br>• കൂടുതൽ സമഗ്രവും സംവേദനക്ഷമവും കാര്യക്ഷമാവുമാക്കുന്നതിന് ഒന്നിലധികം ആശയവിനിമയ രീതികൾ ഉപയോഗിക്കുക.<br>• ഗൃഹസന്ദർശനങ്ങൾ , ഫോണുകളിലെ ഫോളോ അപ്പുകൾ, സന്ദേശങ്ങൾ എന്നിവയിലൂടെ വിദ്യാർത്ഥികളും അധ്യാപകരും തമ്മിലുള്ള പരസ്പര ആശയവിനിമയം സാധ്യമാക്കുക.<br>• TLM ന്റെ ഭൗതികമായ വിതരണം, ഗൃഹ സന്ദർശനങ്ങൾ എന്നിവയിലൂടെ വ്യക്തിഗത ഉപകരണങ്ങളുടെയും ഇന്റർനെറ്റിന്റെയും ആശ്രയം കുറയ്ക്കുക. |
| • RPWD ആക്റ്റ് 2016 ലെ 17 വകുപ്പ് പ്രകാരം വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനെയും കുറിച്ച്<br>• RPWD ആക്റ്റ് 2016 ലെ 40 വകുപ്പ് പ്രകാരം വൈകല്യമുള്ളവർക്ക് വിവരആശയവിനിമായത്തിലേക്കും സാങ്കേതികവിദ്യയിലേക്കുംപ്രവേശിക്കുന്നതിനുള്ള മാനദണ്ഡങ്ങൾരൂപീകരിക്കുന്ന സംബന്ധിച്ച്<br>• RBWD ആക്റ്റ് 2016 ലെ 42വകുപ്പ് പ്രകാരംവിവരആശയവിനിമസാങ്കേതികവിദ്യകൾ ലഭ്യമാകുന്നതസംബന്ധിച്ചു. | വിദ്യാർഥികൾക്കും അധ്യാപകർക്കുമുള്ള പ്രവേശന പ്രശ്നങ്ങൾ<br>• ഇതുവരെ ഉപയോഗിച്ച TLM ന്റെ ലഭ്യത വിലയിരുത്തി വിദഗ്ധരുമായും മറ്റ് സംസ്ഥാനങ്ങളുമായും കൂടിയാലോചിക്കൽ. ഉദാ: ടെലിവിഷൻ പാഠങ്ങൾക്ക് ആംഗ്യഭാഷ വ്യാഖ്യാതാക്കൾ. ആവശ്യമുള്ള ഇടങ്ങളിൽ ലഭ്യമാക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ പുതുക്കുന്നതിനുള്ള കൂടിയാലോചനകൾ.<br>• പവർകട്ട്, മോശം ഇന്റർനെറ്റ്, ശബ്ദനിലവാരം എന്നിവമൂലം ക്ഷമത കുറയുന്നതിനാൽ തത്സമയ ക്ലാസുകൾക്ക് പകരം മുന്കൂട്ടിയുള്ള റെക്കോർഡ് പാഠഭാഗങ്ങൾ നൽകുക.<br>• സാമൂഹികവുംസാമ്പത്തികവുമായിപിന്നോക്കം നിൽകുന്നവീടുകളിൽ ഉപകരണങ്ങൾ/ഇന്റർനെറ്റ് എന്നിവലഭ്യമാക്കാനുള്ള സാധ്യതവിലയിരുത്തുക. |
| • RBWD ആക്റ്റ് 2016 ലെ 17 വകുപ്പ് പ്രകാരം വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനെയും സുഗമമാക്കുന്നതിനെയും സംബന്ധിച്ച്.<br>• RTE, 2009 ലെ ഷെഡ്യൂളിലെ “സ്കൂളുകൾക്കായുള്ള മാനദണ്ഡങ്ങളും മാനദണ്ഡങ്ങളും” | വിദ്യാർഥികളെയും അധ്യാപകരുടെയും ലഭ്യതയിലുള്ള പ്രശ്നങ്ങൾ<br>• RTE ആക്റ്റ് അനുസരിച്ച് പഠന രീതി പരിഗണിക്കാതെ സഹായങ്ങളും ഉപകരണങ്ങളും നൽകുക.<br>• സാങ്കേതിക വിദ്യയുടെ ഉപയോഗം, നിർദ്ദിഷ്ട വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കൽ എന്നിവ സംബന്ധിച്ച പരിശീലനങ്ങൾ അധ്യാപകർക്ക് നൽകുക |

**1.4 പ്രബോധന രീതികൾ പരിഗണിക്കാതെ തന്നെ CWD കളുടെ ആവശ്യങ്ങൾ സമഗ്രമായ് പരിശോധിക്കുക**

| നിയമനിർമ്മാണം | നിർദ്ദേശങ്ങൾ |
|---|---|
| • RPWD ആക്റ്റ് 2016 ലെ 17(c) വകുപ്പ് പ്രകാരം വൈകല്യമുള്ള കുട്ടികളെ ഉചിതമായ ഭാഷ പഠിപ്പിക്കുന്നതിനുള്ള അധ്യാപകരെ നിയമിക്കുന്നത് സംബന്ധിച്ച് | • കുറഞ്ഞ സേവനങ്ങൾ ലഭ്യമാകുന്നപ്രദേശങ്ങളിൽ മുഖ്യധാരാസ്കൂളുകളിലെ പ്രത്യേകഅധ്യാപകർക്കും വിവരധാതാക്കളുടെ നിയമനത്തിനായിഒഴിവുകൾ തുറക്കുക |
| • RTE ആക്ട് 2009 ലെ 29 വകുപ്പ് പ്രകാരം കുട്ടികളുടെ സമഗ്ര വികസനത്തിന് ഉതകുന്ന തരത്തിലുള്ള പാഠ്യപദ്ധതി രൂപകൽപ്പന സംബന്ധിച്ച് | • സിലബസ് പൂർത്തീകരിക്കുന്നതിനുമപ്പുറം കുട്ടികളെ അവരുടെ രീതിയിൽ പഠിപ്പിക്കുന്നതിനുള്ള പെഡഗോഗിക്കൽ രീതിപുനക്രമീകരിക്കുക;. ബുദ്ധിപരമായ വൈകല്യമുള്ള കുട്ടികളുടെ സമ്മർദ്ദം കുറയ്ക്കുന്നതിനായി വ്യത്യസ്ത സിലബസുകൾ നൽകാം<br>• മാനസിക, സാമൂഹിക, വൈകാരിക, മനശ്ശാസ്ത്ര പരമായ ക്ഷേമം ഉൾപ്പെടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തോടുള്ള സമഗ്ര സമീപനത്തെ പ്രോത്സാഹിപ്പിക്കുക. പാഠ്യേതര പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി അനൗപചാരിക വിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുക. |

## 2. ആരോഗ്യം, പോഷകങ്ങൾ, മറ്റു പദ്ധതികൾ, ഇടപെടലുകൾ എന്നിവയ്ക്കുള്ള തടസ്സങ്ങൾ കുറയ്ക്കുക

RPWD ആക്റ്റ് 2016ലെ ( സാമൂഹ്യ സുരക്ഷ) 24 വകുപ്പ് പ്രകാരം ദുർബലരായ കുടുംബങ്ങൾക്ക് സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിനും, വൈകല്യത്തിന്റെ വിഭജനം, ലിംഗബേധം, പ്രായം ,സാമൂഹിക പശ്ചാത്തലം എന്നിവയുടെ കണക്കെടുക്കാൻ സംസ്ഥാനങ്ങൾക്ക് നിർദ്ദേശമുണ്ട്.

**2.1 ദുർബ്ബലമായ കുടുംബങ്ങളെ സഹായിക്കുന്നതിനുള്ള പദ്ധതികൾ ഇനി പറയുന്നു.**

| നിയമനിർമ്മാണം | ശുപാർശകൾ |
|---|---|
| • RPWD ആക്റ്റ് 2016ലെ 16(viii) വകുപ്പ് പ്രകാരം വിദ്യാഭ്യാസത്തിനായുള്ള സ്ഥാപനങ്ങളുടെ ചുമതകൾ സംബന്ധിച്ച്<br>• RPWD ആക്റ്റ് 2016 ലെ 25 വകുപ്പ് ആരോഗ്യത്തെ സംബന്ധിച്ച് | CWD കൾക്ക് മെഡിക്കൽ ആവശ്യങ്ങൾ നിറവേറ്റുക, ചലനപരമായ വൈകല്യമുള്ള കുട്ടികൾക്കും പരിപാലകർക്കും ഇ-പാസ് പോലുള്ള അലവാൻസുകൾ നൽകുക |
| • RPWD ആക്റ്റ് 2016 ലെ 24(3)(f) വകുപ്പ് പ്രകാരം ചില വരുമാന പരിധിയിൽ പെട്ട വൈകല്യമുള്ളവർക്ക്, ഉപകരണങ്ങൾ, മരുന്നുകൾ, രോഗനിർണയ സംവിധാനം എന്നിവ നൽകുന്നത് സംബന്ധിച്ച്.<br>• RPWD ആക്റ്റ് 2016 ലെ 25(2)(i) വകുപ്പ് പ്രകാരം പ്രകൃതി ദുരന്തങ്ങൾ, അപകടങ്ങൾ എന്നീ സമയങ്ങളിലെ ആരോഗ്യ സംരക്ഷണം സംബന്ധിച്ച്<br>• RPWD ആക്റ്റ് 2016 ലെ 25 (j) പ്രകാരം (അടിയന്തിര ചികിത്സയ്ക്കും ജീവൻ രക്ഷാ മാര്ഗങ്ങളെയും സംബന്ധിച്ച് ഉള്ള സേവനങ്ങൾ) | വിട്ടുമാറാത്ത രോഗങ്ങൾ ഉള്ളവർക്കുള്ള ആവശ്യമാരുന്നുകളുടെ ശേഖരം ഉറപ്പുവരുത്തുക. സ്റ്റോക്ക് സൂക്ഷിക്കുക. അപസ്മാരം പോലുള്ള രോഗങ്ങൾക്ക് മുൻഗണന നൽകുക |

# സംഗ്രഹം

| | |
|---|---|
| • RPWD ആക്റ്റ് 2016 ലെ 27(3) പ്രകാരം ഉചിതമായ സർക്കാരും പ്രാദേശിക അധികാരികളും പൊതുമാരാമത്തിനുവേണ്ടി പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനാകളെ സമീപിക്കുകയും നയങ്ങൾ രൂപീകരിക്കുകയും വേണം | സേവന വിതരണം മെച്ചപ്പെടുത്തുക<br>• പദ്ധതികളുടെ നടപ്പാക്കൽ മെച്ചപ്പെടുത്തുന്നതിന് സർക്കാരും CSO കളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുക |
| • RPWD ആക്റ്റ്2016 ലെ 17 വകുപ്പ് പ്രകാരം വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതും സുഗമമാക്കുന്നതും സംബന്ധിച്ച് | സമാന യോഗ്യത മാനദണ്ഡങ്ങൾ ഉള്ള പ്രക്രിയകളെ അപ്പ്ലിക്കേഷൻ വഴി ഒന്നിച്ച് പ്രത്യക്ഷവും പരോക്ഷവുമായുള്ള ചെലവുകൾ കുറയ്ക്കുക |

Kotak Mahindra Bank Limited supports the Kotak-Vidhi Inclusive Education Programme in furtherance of its CSR Programme. This report has been authored by Vidhi Centre for Legal Policy, under this Programme.